# RAJAVALSAM CHITS PVT. LTD.

Reg. No.U 65929 K2020 PTC065136
Building No. VI/885-H Corporate Office, Opp.Sreevalsam Silks, M.C. Road, Pandalam, Pathanamthitta - 689 501, PANDALAM -Mobile. 7034 023 888

ഫാറം VIII (വകുപ്പ് 6 റൂൾ 14) പ്രകാരമുള്ള ചിട്ടി ഉടമ്പടി പത്രവും അപേക്ഷാഫോറവും

**ചിട്ടി ഉടമ്പടി**

**എല്ലാ ഇംഗ്ലീഷ് മാസവും.............................................ാം തീയതി തോറും നടത്തുന്ന ചിട്ടിയുടെ നടത്തിപ്പിനു വേണ്ടി ചിട്ടി മുമ്പൻ രാജവത്സം ചിറ്റ്സ് പ്രൈ. ലിമിറ്റഡും ചിറ്റാളന്മാരും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ.**

1 ഈ ചിട്ടി പന്തളം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.

2 ...............................ാമാണ്ട്...........................................................................മാസം.....................................ാം നു.....................................................................ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.

3 **മുമ്പൻ :** ഈ ചിട്ടിയുടെ മുമ്പൻ (ഫോർമാൻ) രാജവത്സം ചിറ്റ്സ് പ്രൈ. ലി. പന്തളം

**ചിട്ടിത്തുക :** ഈ ചിട്ടിക്ക്....................................................................തവണ സംഖ്യയും ആകെ....................................................................തവണകളും കൂടി മൊത്തം......................................................................രൂപ ചിട്ടിതുക ഉണ്ടായിരിക്കുന്നതാണ്. മേൽ പറഞ്ഞിട്ടുള്ള തവണ സംഖ്യ യാതൊരു കിഴിവും കൂടാതെ ആദ്യതവണ അടയ്ക്കേണ്ടതും രണ്ടാമത്തെ തവണ മുതൽ മേൽപറഞ്ഞ തവണ സംഖ്യയിൽ നിന്നും ലേല കിഴിവ് നീക്കിയുള്ള സംഖ്യ അടയ്ക്കേണ്ടതുമാണ്. ലേലത്തിൽ ചിട്ടി വിളിച്ച ചിറ്റാളന് മുമ്പൻ കമ്മീഷനും ലേല കിഴിവും കഴിച്ചുള്ള സംഖ്യ മാത്രം ചിട്ടി തുകയായി ലഭിക്കുന്നതാകുന്നു.

II **ചിട്ടിയുടെ കാലാവധി :** ചിട്ടിയുടെ ഒന്നാമത് അവധി.................................ാം മാണ്ട്...........................................................മാസം.................. തീയതിയും തുടർന്ന് എല്ലാ മാസവും.............................................................തീയതി തവണത്തിയതി ആയിരിക്കുകയും ചിട്ടി ലേല ദിവസം കമ്പനിയുടെ അവധി ദിവസം ആണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ഈ ചിട്ടി ലേലം നടത്തുന്നയും ആണ്ടിൽ 12 തവണകൾ വീതം...............................മാസം കൊണ്ട് ........................ മാണ്ട് .................................. മാസം അവസാനിക്കുന്നതുമാകുന്നു.

III **ചിട്ടിയുടെ ലേലം / നറുക്ക് :** പന്തളം ടൗണിലുള്ള VI / 885 - H നമ്പർ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള രാജവത്സം ചിറ്റ്സ് പ്രൈ. ലി. ആഫീസിൽ എല്ലാ തവണ തീയതിലും..................................................................മണിക്ക് നടത്തപ്പെടുന്നതാകുന്നു. അനിയന്ത്രിതമായ കാരണങ്ങളാൽ ചിട്ടയായ ഓഫീസ് പ്രവർത്തനം സാധ്യമാകാത്ത സാഹചര്യങ്ങളിൽ (ബന്ദ്, ഹർത്താൽ, സമരങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ) ചിട്ടി ലേലം അടുത്ത പ്രവൃത്തി ദിവസം നടത്തുന്നതായിരിക്കും.

IV **മുമ്പൻ സെക്യൂരിറ്റിയായി നൽകുന്ന ഡെപ്പോസിറ്റ് തുകയുടെ വിശദവിവരം :**

1 കേന്ദ്ര നിയമം സെക്ഷൻ 20 (a) : ഈ ചിട്ടിയുടെ ശരിയായ നടത്തിപ്പിന് ജാമ്യമായി മുമ്പൻ ഇരുപതാം വകുപ്പ് പ്രകാരം ചിട്ടിത്തുകയുടെ 100% തുല്യമായ.......................................................രൂപ........................................................ാം നമ്പർ രസീത് പ്രകാരം ക്യാഷ് ഡെപ്പോസിറ്റ് ആയി S B I ബാങ്കിന്റെ പന്തളം ശാഖയിൽ.......................................................തീയതിയിൽ നിക്ഷേപിക്കുകയും രസീത് പന്തളം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ പേർക്ക് ചിറ്റാളന്മാർക്ക് വേണ്ടി ജാമ്യം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

2 കേന്ദ്ര നിയമം സെക്ഷൻ 20 പറഞ്ഞിട്ടുള്ള ജാമ്യം മതിയാണെന്നുള്ളതിന് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ...........................................................................തീയതിയിലെ ...........................................................നമ്പർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

3 ചിട്ടി മുമ്പൻ ചിട്ടി സംബന്ധമായ മുഴുവൻ ബാദ്ധ്യതകളും വിടർത്തുന്ന മുറക്ക് അല്ലാതെ പ്രസ്തുത മുഴുവൻ സെക്യൂരിറ്റിയും ചിട്ടി മുമ്പന് തിരികെ ലഭിക്കുന്നതല്ല.

**V ചിട്ടി നടത്തിപ്പിന്റെ രീതി**

1 ഈ ചിട്ടി...............................തവണ സംഖ്യയും.............................. മാസം കാലാവധിയുള്ളതുമാകുന്നു. ചിട്ടി സലയുടെ 5% ആയ ..............................................രൂപ മുമ്പൻ കമ്മീഷനായും ലേല സമയം 15 മിനിറ്റായും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ചിട്ടി തുകയ്ക്ക് അർഹരായവരെ ലേലത്തിൽ കൂടിയോ, നറുക്കിട്ടെടുത്തോ നിശ്ചയിക്കുന്നതാണ്. ഈ ചിട്ടിയുടെ ലേലം ഈ കരാറിൽ III-ാ മതായി വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥലത്തും തീയതിയിലും സമയത്തും നടത്തുന്നതാണ്.

2 ഓരോ ചിട്ടി ലേല ദിവസവും ആകെ സലയിൽ നിന്നും മുമ്പൻ കമ്മീഷനായ 5% കുറച്ച് ലേലം വിളിച്ച് തുടങ്ങുന്നതും അതായത് ഓരോ ലേലത്തിനും..........................................................................................രൂപ വീതം കുറച്ച്, കൂടുതൽ തുക ഉപേക്ഷിക്കുന്ന ചിറ്റാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആകെ സലയുടെ 40% ത്തിൽ കൂടുതൽ കുറവ് ചെയ്യാൻ പാടില്ല 40% തുക കുറച്ച് വിളിക്കാൻ ഒന്നിൽ കൂടുതൽ ചിറ്റാളന്മാർ ഉണ്ടായാൽ ലേലം നറുക്കെടുപ്പിലൂടെ സ്ഥിരപ്പെടുത്തുന്നതാണ്.

3 ഏതെങ്കിലും കാരണവശാൽ മുമ്പൻ കമ്മീഷൻ കഴിച്ച് ലേലം വിളിക്കാൻ ആളില്ലാതെ വന്നാൽ വരിസംഖ്യ കുടിശിക വരുത്താത്ത ചിറ്റാളന്മാരുടെ പേരുകൾ നറുക്കിട്ടെടുത്ത് ചിട്ടി പിടിച്ച ചിറ്റാളനെ നിശ്ചയിക്കുന്നതും അപ്രകാരം നിശ്ചയിക്കപ്പെടുന്ന ആളിന് മുൻപൻ കമ്മീഷൻ കഴിച്ചിട്ടുള്ള തുകയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

4 കുറി തവണ മുടക്ക് വരുത്തിയിട്ടുള്ള ചിറ്റാളന്മാർക്ക് ലേലത്തിൽ പങ്കെടുക്കാൻ അവകാശമില്ല.

5 ഏതെങ്കിലും കാരണവശാൽ ചിറ്റാളന് ലേലത്തിൽ പങ്കെടുക്കാൻ കഴിയാതെ വരുന്ന പക്ഷം ചിറ്റാളന്റെ എഴുത്ത് മുഖേന അധികാരം സിദ്ധിച്ച ആളിനെ ലേലത്തിൽ പങ്കെടുപ്പിക്കുവാൻ മുമ്പന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**VI ചിട്ടി തവണകൾ അടക്കേണ്ട രീതി**

1 ചിട്ടിക്ക് ചിറ്റാളന്മാർ അടയ്ക്കേണ്ട തുക ചിട്ടി ദിവസം ലേല സമയത്തിന് മുൻപ് അടച്ച് മുറപ്രകാരമുള്ള രസീത് വാങ്ങേണ്ടതാണ്. മുമ്പന്റെ കയ്യൊപ്പും സീലും ഇല്ലാത്ത രസീതുകൾ സ്വീകാര്യമല്ല.

2 ചിട്ടി പിടിച്ച ചിറ്റാളൻ ഏതെങ്കിലും തവണ സംഖ്യ അതാത് തവണയോ അതിനുമുമ്പ് അടയ്ക്കാത്തപക്ഷം മുഴുവൻ സംഖ്യയും മറ്റുചിട്ടികകം 12% കൂടാത്ത പലിശ സഹിതം അടയ്ക്കേണ്ടതാണ്. അപ്രകാരം ചെയ്യാതിരുന്നാൽ മേൽ ബാദ്ധ്യത പൂർണമായും മുടക്കത്തീയതി മുതൽ 12% കവിയാത്ത പലിശയും ചെലവും സഹിതം ഒന്നായി ചിറ്റാളന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ജാമ്യക്കാരിൽനിന്നും ഈടാക്കി എടുക്കുന്നതിന് മുമ്പന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

3 ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ അതാത് തവണ സംഖ്യ തവണത്തീയതി തന്നെ അടയ്ക്കാത്ത പക്ഷം 12% കൂടാത്ത പലിശയോടു കൂടി അടുത്ത തവണത്തീയതിക്കോ അതിനു മുമ്പോ അടയ്ക്കേണ്ടതാണ്. അപ്രകാരം ചെയ്യായിരുന്നാൽ നിയമപ്രകാരം നോട്ടീസ് നൽകി അത്രയുംസംഖ്യ ഇറക്കി പകരം ആളെ ചേർത്ത് നടത്തുന്നതിന് മുമ്പന് അവകാശം ഉണ്ടായിരിക്കുന്നതാണ്. മുടക്കം വരുത്തിയ ചിറ്റാളനെ നീക്കം ചെയ്ത് പകരം ആളെ ചേർത്ത് വിവരം 14 ദിവസത്തിനകം മുടക്കം വരുത്തിയ ചിറ്റാളനെ അറിയിക്കേണ്ടതുമാണ്.

4 ചിട്ടി പിടിക്കാത്ത ഒരു മുടക്ക് ചിറ്റാളനു പകരം ചേർക്കപ്പെടുന്ന പുതിയ ചിറ്റാളനിൽ നിന്നും ഈടാക്കുന്ന തുകയിൽ നിന്നും മുടക്ക് ചിറ്റാളനു ലഭിക്കേണ്ടതായ തുക മുമ്പൻ അംഗീകൃത ബാങ്കിൽ പ്രത്യേക ഡെപ്പോസിറ്റ് ചെയ്യേണ്ടതും ആ തുക മുടക്ക് ചിറ്റാളൻ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്. അപ്രകാരം നൽകിയില്ലെങ്കിൽ പ്രസ്തുത തുക പലിശസഹിതം ഈടാക്കുവാൻ മുടക്ക് ചിറ്റാളന് അവകാശമുണ്ടായിരിക്കും.

**VII ചിട്ടി പിടിച്ച ചിറ്റാളൻ ചിട്ടി പണം കൈപ്പറ്റുന്നതിനു വേണ്ട നടപടിക്രമങ്ങൾ**

1 ചിട്ടി പിടിച്ച ചിറ്റാളനോ അല്ലെങ്കിൽ അയാളുടെ അവകാശിക്കോ മുമ്പൻ പക്കൽ നിന്നും 30 ദിവസത്തിനകം ചിട്ടിസംഖ്യ പറ്റാവുന്നതാണ്. ഇപ്രകാരം പറ്റുന്ന സംഖ്യയിൽ ചിട്ടിയുടെ മേൽ തവണകൾക്ക് അടക്കേണ്ട സംഖ്യയുടെ ഉറപ്പിലേക്ക് മുമ്പന് ചിട്ടി പിടിച്ച ചിറ്റാളനോ അയാളുടെ അവകാശിയോ യുക്തമായ ജാമ്യം കൊടുക്കേണ്ടതാണ്.

2 ഏതെങ്കിലും കാരണവശാൽ ചിട്ടി പിടിച്ച ചിറ്റാളനോ അയാളുടെ അവകാശിയോ മതിയായ ജാമ്യം നൽകി ചിട്ടിസംഖ്യ കൈപ്പറ്റിയില്ലെങ്കിൽ മുമ്പൻ ആ സംഖ്യ അംഗീകൃത ബാങ്കിന്റെ ശാഖയിൽ നിക്ഷേപിച്ച് ചിട്ടിപിടിച്ച ചിറ്റാളനെ വിവരം അറിയിക്കേണ്ടതാണ്.

3 ഏതെങ്കിലും കാരണവശാൽ നിക്ഷേപത്തുക മേൽ വെക്കാനുള്ള തവണകൾക്ക് മതിയാകാതെ വന്നാൽ ആ സംഖ്യയുംഅതിന്മേലുള്ളപലിശയും മറ്റ് ചെലവുകളും ചിറ്റാളനിൽ നിന്ന് ഈടാക്കാൻ മുമ്പന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

4 ഡെപ്പോസിറ്റ് തുകയിൽ നിന്നും മേൽ തവണകൾക്കുള്ള തുക അടച്ചു തീർത്ത ശേഷം ഏതെങ്കിലും തുക ബാക്കി വന്നാൽ ആയത് ചിട്ടി അവസാനിച്ച ശേഷം ചിറ്റാളനോ അയാളുടെ അവകാശിക്കോ മുമ്പൻ കൊടുക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തപക്ഷം ചിട്ടി അവസാനിച്ച ദിവസം മുതൽ പ്രസ്തുത തുക നിയമാനുസരണമുള്ള പലിശ സഹിതം മുമ്പനിൽ നിന്നും ഈടാക്കുന്നതിന് ചിറ്റാളനോ അയാളുടെ അവകാശിക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

5 ചിട്ടിതുക ബാങ്കിൽ നിക്ഷേപിച്ചതിനു ശേഷം ചിറ്റാളനോ അയാളുടെ അവകാശിയോ ചിട്ടി പണം പറ്റുന്നതിന് ആവശ്യമായ ജാമ്യമോ ഉറപ്പോ ഹാജരാക്കിയാൽ മുമ്പൻ പ്രസ്തുത ഡെപ്പോസിറ്റ് തുക പിൻവലിച്ച് അന്നുവരെ നടന്ന തവണകൾക്കുള്ള തുക അതിൽ നിന്നും കുറവ് ചെയ്തതിനു ശേഷം ബാക്കി തുക ചിറ്റാളനോ അയാളുടെ അവകാശിക്കോ കൊടുക്കേണ്ടതാണ്.

6 ചിട്ടിപിടിച്ച ചിറ്റാളനോ അയാളുടെ അവകാശിയോ ചിട്ടി പണം പറ്റുന്നതിന് ആവശ്യമായ ജാമ്യവും ഉറപ്പും ഹാജരാക്കിയിട്ടും മുമ്പൻ ചിട്ടി പണം കൊടുക്കാതിരുന്നാൽ ആ തുക ജാമ്യം ഹാജരാക്കിയ ദിവസം മുതലുള്ള നിയമാനുസൃതമായ പലിശ സഹിതം മുമ്പനിൽ നിന്നും ഈടാക്കുന്നതിന് ചിട്ടി പിടിച്ച ചിറ്റാളനോ അവകാശിക്കോ അവകാശം ഉണ്ടാ യിരിക്കുന്നതാണ്.

**VIII വിത പലിശ വീതിച്ചു കൊടുക്കൽ**

ഓരോ ടിക്കറ്റിന്റെയും മുമ്പൻ കമ്മീഷൻ കഴിച്ചുള്ള ലേലാദായം ചിട്ടി പിടിച്ചവർക്കും പിടിക്കാത്തവർക്കും മുമ്പൻ തുല്യമായി വീതിച്ചു കൊടുക്കേണ്ടതാണ്.

**IX മുമ്പൻ കമ്മീഷനും ചിട്ടിത്തുക പറ്റിയെടുക്കുന്ന തവണയുടെ വിവരണവും**

1 ..........................................തീയതിയിൽ..........................................തവണകളുള്ള ചിട്ടിയിലെ ഒന്നാമത് തവണ ഡിസ്കൗണ്ട് ഒന്നും കൂടാതെ മുമ്പൻ പറ്റിയെടുക്കുന്നതാകുന്നു. ഒന്നാമത് തവണക്കും അവസാനത്തെ തവണക്കും ലേലം ഇല്ലാത്തതും അവസാന തവണ കിട്ടുന്നവർക്ക് മുമ്പൻ കമ്മീഷൻ കഴിച്ചുള്ള മൊത്തം തുകയ്ക്കും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

2 മുമ്പൻ കമ്മീഷൻ ചിട്ടി തുകയുടെ 5% എന്ന് ക്ലിപ്തപ്പെടുത്തിയിട്ടുള്ളതും..........................................രൂപ തവണ സംഖ്യയും..........................................മാസം കാലാവധിയുള്ള ചിട്ടിക്ക് നറുക്കൊന്നിന്..........................................രൂപ കമ്മീഷനായി ലഭിക്കുന്നതുമാകുന്നു.

3 ചിട്ടിയുടെ മുമ്പൻ കമ്മീഷനിൽ കേന്ദ്ര സർക്കാർ ചുമത്തിയിട്ടുള്ള സേവന നികുതി അതാതു കാലങ്ങളിലെ നിരക്കനുക്കനുസരിച്ച് ചിറ്റാളന്മാരിൽ നിന്നും പരിച്ചെടുക്കുവാൻ മുൻപന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**X ചിട്ടി കൈമാറ്റം**

1 മുമ്പന്റെ രേഖാമൂലമായ സമ്മതമില്ലാതെ ചിറ്റാളന്മാർ അവർക്ക് ചിട്ടിയിലുള്ള അവകാശം കൈമാറ്റം ചെയ്യാൻ പാടില്ല. മുൻ ചിറ്റാളനുണ്ടായിരുന്നതിൽ കവിഞ്ഞ് യാതൊരു അവകാശവും പകരം ചേർന്ന ചിറ്റാളനുണ്ടായിരിക്കുന്നതല്ല, പകരം ചേർന്ന ചിറ്റാളന് ഇതിൽ പറയുന്ന എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്. നീക്കം ചെയ്യപ്പെട്ട ചിറ്റാളന്മാർക്ക് ചിട്ടിയിൽ ഉണ്ടായിരുന്ന അവകാശങ്ങൾ കൈമാറ്റം ചെയ്യുന്നതിന് മുമ്പന്റെ അനുമതി ആവശ്യമില്ല. എങ്കിലും അപ്രകാരമുള്ള കൈമാറ്റത്തിലൂടെ നീക്കം ചെയ്യപ്പെട്ട ചിറ്റാളന് ഉണ്ടായിരുന്നതിൽ കവിഞ്ഞ യാതൊരു അവകാശവും ആയത് കൈമാറ്റം ചെയ്തു വാങ്ങിയ ആൾക്ക് ലഭിക്കുന്നതല്ലാത്തതുമാകുന്നു.

2 ചിട്ടി പിടിച്ച ചിറ്റാളരിൽ നിന്നും തവണ സംഖ്യകൾ ഈടാക്കുവാൻ മുൻപനുള്ള അവകാശം അസിസ്റ്റന്റ് രജിസ്ട്രാറുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ല. അപ്രകാരമുള്ള കൈമാറ്റങ്ങൾ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് ലഭിക്കേണ്ട സംഖ്യക്ക് കാലതാമസം വരുത്തുകയോ അത് ലഭിക്കാതിരിക്കത്തക്ക സാഹചര്യം സൃഷ്ടിക്കുകയോ ചെയ്യുന്ന പക്ഷം ചിട്ടി കിട്ടാത്തതും പിടിക്കാത്തതുമായമായ ചിറ്റാളന്മാർക്ക് അപ്രകാരമുള്ള കൈമാറ്റങ്ങൾ ദുർബലപ്പെടുത്താവുന്നതാണ്.

**XI ചിട്ടി ബാക്കി പത്രവും ചിട്ടി രേഖകളും പരിശോധിക്കുന്നതിന് ചിറ്റാളന്മാർക്കുള്ള അവകാശം**

1 ചിട്ടി സംബന്ധമായ ആസ്തി ബാദ്ധ്യതകളെയും അവയുടെ സ്വഭാവത്തെയും അവയിൽ ചിട്ടി ധനത്തെ വിലയിരുത്തിയ രീതിയും കാണിക്കുന്ന ചിട്ടിയുടെ വർഷാന്ത്യ ബാക്കി പത്രം 28-ാം നമ്പർ ഫാറത്തിൽ മുമ്പൻ തയ്യാറാക്കേണ്ടതും കേരള ചട്ടം 31 പ്രകാരം ഓഡിറ്റ് ചെയ്യുന്നതിനു വേണ്ടി ഓഡിറ്റർമാർക്ക് നൽകേണ്ടതും ഓഡിറ്റ് ചെയ്ത ബാക്കിപത്രം യഥാസമയം ഫയൽ ചെയ്യേണ്ടതും ഓഡിറ്റർമാരുടെ ഒരു സർട്ടിഫിക്കറ്റ് മുമ്പൻ വാങ്ങി സൂക്ഷിക്കേണ്ടതുമാകുന്നു.

2 ചിട്ടി സംബന്ധമായ രേഖകൾ ചിറ്റാളന്മാർക്ക് പരിശോധിക്കുന്നതിനു വേണ്ടി ചിട്ടി ദിവസങ്ങളിൽ 3 pm മുതൽ 4 pm വരെ രാജവത്സം ചിറ്റ്സ് പ്രൈ. ലി. പന്തളം ഓഫീസിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**XII ചിട്ടി സംബന്ധമായ തുകകൾ കേന്ദ്ര നിയമത്തിൽ പറയുന്ന അംഗീകൃത ബാങ്ക് ആയ എസ്. ബി. ഐ. പന്തളം ശാഖയിൽ നിക്ഷേപിക്കുന്നതാണ്.**

XIII പലവക

1 അവസാന തവണ പിടിച്ച ചിറ്റാളന് മുമ്പൻ ത്ത്മിഷൻ കഴിച്ചുള്ള തുക മുഴുവൻ കിട്ടാൻ അവകാശമുള്ളതും പ്രസ്തുത തുക ചിട്ടി വട്ടമെത്തിയതിനു ശേഷം ഒരു മാസത്തിനകം മുമ്പൻ കൊടുക്കേണ്ടതുമാണ്. വ്യത്യാസം വരുത്തിയാൽ ചിട്ടി തുകയും ആയതിന് വട്ടമറുതി തീയതി മുതൽ നിയമാനുസരണമുള്ള പലിശയും ഉൾപ്പെടെയുള്ള സംഖ്യ മുമ്പനിൽ നിന്ന് ഈടാക്കി എടുക്കുന്നതിന് ചിറ്റാളനോ അയാളുടെ നോമിനിക്കോ അവകാശമുണ്ടായിരിക്കുന്നതാണ്.

2 ചിട്ടി സംബന്ധമായി ഏതെങ്കിലും വിധത്തിൽ ചിറ്റാളന്മാരിൽ നിന്നും പണം ഈടാക്കുവാൻ ഉണ്ടായിരുന്നാൽ ഇറക്കു സംഖ്യയിൽ മുമ്പന് പ്രഥമവും പ്രാധാന്യവുമുള്ള ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. അതുപോലെതന്നെ ചിറ്റാളന്മാർക്ക് മുമ്പനിൽ നിന്നും ഏതെങ്കിലും തുക ചിട്ടി സംബന്ധമായി ഈടാക്കുവാൻ ഉണ്ടായിരുന്നാൽ ആ വക സംഖ്യ മുമ്പന്റെ സെക്യൂരിറ്റി തുകയിൽ നിന്നോ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ചിട്ടിതുകയിൽ നിന്നോ ഈടാക്കുന്നതിന് പണം കിട്ടാനുള്ള ചിറ്റാളന് അവകാശമുണ്ടായിരിക്കും.

3 മുമ്പനും ചിറ്റാളനും തമ്മിലുള്ള എല്ലാ കൊടുക്കൽ വാങ്ങലുകളും രസീത് മുഖേന ആയിരിക്കേണ്ടതാകുന്നു.

4 യാതൊരു കാരണവശാലും ചിട്ടി മുതൽ വർദ്ധിപ്പിക്കുന്നതല്ല എന്നാൽ ആവശ്യമെന്നു കണ്ടാൽ കുറവ് ചെയ്യാവുന്ന താണ്.

5 കേന്ദ്ര നിയമത്തിലെയും കേരള ചട്ടങ്ങളിലെയും നിബന്ധനകൾക്ക് വിരുദ്ധമല്ലാതെ ചിട്ടി ഉടമ്പടിയിൽ ഭേദഗതി വരുത്തണമെന്നുള്ള പക്ഷം മുമ്പൻ ചിട്ടി പിടിക്കാത്തവരും ചിട്ടി പിടിച്ച് പണം പറ്റാത്തവരമായ 25% കുറയാത്ത ചിറ്റാളന്മാരുടെ ഒരു യോഗം രേഖാമൂലം വിളിച്ചുകൂട്ടി അവരുടെ അംഗീകാരം നേടേണ്ടതാകുന്നു.

6 മുമ്പന്റെ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ കൊണ്ട് ചിട്ടി തുടർന്നു നടത്തുവാൻ കഴിയാതെ വരുന്നപക്ഷം ചിട്ടി കിട്ടാത്തതും പിടിക്കാത്തതുമായ എല്ലാ ചിറ്റാളന്മാർക്കും അവരവർ ഇറക്കിയ തുക വീത പലിശ ഉൾപ്പെടെ 60 ദിവസത്തിനകം കൊടുത്തു തീർക്കേണ്ടതാണ്. വീഴ്ചവരുത്തിയാൽ ആ വക സംഖ്യ ചിറ്റാളന്മാർക്ക് മുമ്പന്റെ താഴെ പറയുന്ന ആസ്തികളിൽ നിന്നും ഈടാക്കാവുന്നതാണ്.

എ) സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക

ബി) മറ്റുള്ള വസ്തുവകകൾ

സി) ചിട്ടി പിടിച്ച ചിറ്റാളന്മാർ മേൽ തവണകൾക്ക് അടയ്ക്കേണ്ട തുകകൾ

7 മുമ്പൻ സ്ഥാനത്തല്ലാതെ ചിറ്റാളന്റെ സ്ഥാനത്ത് ഏതെങ്കിലും നറുക്കുകൾ മുമ്പന് ഉള്ള പക്ഷം ടി നറുക്കുകളെ സംബന്ധിച്ചിടത്തോളം മറ്റു ചിറ്റാളന്മാർക്കുള്ളതിൽ കവിഞ്ഞ് ഏതെങ്കിലും തരത്തിലുള്ള അധികാരാവകാശങ്ങൾ മുമ്പന് ഉണ്ടാവില്ല. അപ്രകാരമുള്ള യൂണിറ്റുകളുടെ പണം മുമ്പൻ പറ്റുമ്പോൾ മറ്റു ചിറ്റാളന്മാരെപ്പോലെ തന്നെ മേൽ തവണകളുടെ ഉറപ്പിലേക്ക് കേന്ദ്രനിയമത്തിനും കേരള ചട്ടങ്ങൾക്കും വിധേയമായി ജാമ്യം ഹാജരാക്കേണ്ടതാണ്.

8 ചിട്ടി കാലാവധിക്ക് മുമ്പ് മുമ്പൻ മരണപ്പെടുകയോ ചിട്ടി തുടർന്ന് നടത്തുന്നതിന് കഴിയാതെ വരികയോ ചെയ്താൽ പ്രസ്തുത ചിട്ടി തുടർന്നു മുടക്കം കൂടാതെ നടത്തുന്നതിന് കുളനട വില്ലേജിൽ പനങ്ങാട് മുറിയിൽ രാജവത്സം വീട്ടിൽ രാജേന്ദ്രൻപിള്ള മകൻ വരുൺരാജ്പിള്ള എന്നയാളെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ളതാകുന്നു. അതിന് തരപ്പെടാതെ വന്നാൽ ചിട്ടി പിടിച്ചു പണം പറ്റാത്ത ചിറ്റാളന്മാരുടെ പ്രത്യേക പൊതുയോഗം മുമ്പനായി മറ്റൊരാളെ തിരഞ്ഞെടുക്കേണ്ടതാണ്. പ്രസ്തുത ആളിന് ചിട്ടി നടത്തി അവസാനിപ്പിക്കാവുന്നതാണ്. അതും സാധിക്കാതെ വന്നാൽ വിശേഷാൽ നിശ്ചയം മൂലം ചിട്ടിയുടെ തുടർന്നുള്ള നടത്തിപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

9 ചിട്ടി നടത്തിപ്പിനെ സംബന്ധിച്ച എല്ലാ തർക്കങ്ങളിലും തീരുമാനമെടുക്കാൻ കേന്ദ്ര നിയമം സെക്ഷൻ 64 പ്രകാരവും കേരള ചട്ടങ്ങൾ പ്രകാരവും ചിട്ടി രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

10 മേൽ കാണിച്ച എല്ലാം നിബന്ധനകളും ഞാൻ വായിച്ചു മനസ്സിലാക്കുകയും ആയവ എനിക്ക് ബാധകമാണെന്ന് സമ്മതിക്കുകയും ആയതനുസരിച്ച് നടന്നു കൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് ഈ ചിട്ടി ഉടമ്പടിയിൽ താഴെ കാണുന്ന സാക്ഷികൾ കാൺകെ..................................ആണ്ട് ..................................മാസം.................................. തീയതി ഇതിൽ ഞാൻ ഒപ്പിട്ടിരിക്കുന്നു. എന്ന് രണ്ട് സാക്ഷികളുടെ മുമ്പാകെ വച്ച് ചിട്ടി ഉടമ്പടിയിൽ മുമ്പൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

| | | |
|---|---|---|
| 1. | ക്രമ നമ്പർ (ചിറ്റാൾ നമ്പർ) | |
| 2. | ചിറ്റാളന്റെ പേര് | |
| 3. | അച്ഛൻ/അമ്മ / ഭർത്താവിന്റെയോ പേര് | |
| 4. | മേൽവിലാസം | |
| 5. | ജനന തിയതി | |
| 6. | വയസ് | |
| 7. | നോമിനിയുടെ പേരും മേൽവിലാസവും | |
| 8. | ചിറ്റാളനുമായുള്ള ബന്ധം | |
| 9. | ഫോൺ | |
| 10. | Nearest Landmark | |
| 11. | Number of Tickets | |
| 12. | ചിറ്റാളന്റെ ഒപ്പ് | |
| 13. | തീയതി | |
| 14. | 1-ാംസാക്ഷിയുടെ പേരും മേൽവിലാസവും ഒപ്പും | |
| 15 | 2-ാംസാക്ഷിയുടെ പേരും മേൽവിലാസവും ഒപ്പും | |
| 16. | മുൻപന്റെ പേരും ഒപ്പും തീയതിയും | |

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ്,
പന്തളം ഓഫീസ്

ഒപ്പും തീയതിയും

സീൽ
(ഫോർമാൻ)

സീൽ
(അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ്)